പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1157 — 04.02.2019-ൽ മറുപടിക്ക്

## പള്ളിക്കമണ്ണടി പാലം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. എസ്. ജയലാൽ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ നടപടികളിലെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ; | (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കാമണ്ണടി പാലം നിർമ്മാണത്തിനായി Stimulus Package Budget 2009-ൽ ഉൾപ്പെടുത്തി 315.00 ലക്ഷം രൂപയുടെ ഭരണാനുമതി 14/08/2009-ലെ G.O(Rt)No.1185/09/PWD ഉത്തരവ് പ്രകാരം നൽകിയിരുന്നു. തുടർന്ന് സർവ്വേയും മണ്ണ് പരിശോധനയും നടത്തി. ജനറൽ ഡിസൈൻ തയ്യാറാക്കുകയും പാലത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പാലത്തിനാവശ്യമുള്ള സ്ഥലത്തിൽ ഉൾപ്പെട്ട നിലം നികത്തുന്നതിന് റവന്യൂ അധികാരികൾ അളന്ന് തിട്ടപ്പെടുത്തിയ സ്ഥലം നെൽവയൽ നികത്തുന്നതിനുള്ള അനുമതിക്കായി സർക്കാരിൽ കൃഷി വകുപ്പിൽ ജില്ലാ കളക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വസ്തു ഏറ്റെടുക്കൽ നടപടിയിലേക്ക് എൽ.എ.ആർ. ആക്ട് 2013 പ്രകാരം പുതിയ അർഥനാപത്രം സമർപ്പിക്കണമെന്ന കളക്ടറുടെ നിർദ്ദേശാനുസരണം പുതുക്കിയ അർഥനാപത്രം 24/02/2018-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ റീ ഡിസൈൻ ആവശ്യമായതിനാൽ ആയതും പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം 8.00 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) സ്ഥലമേറ്റെടുക്കുന്നതിലേക്കായി പുതിയ അർത്ഥനാപത്രം, ലാന്റ് ഷെഡ്യൂൾ, അലൈൻമെന്റ് സ്കെച്ച്, ഡീമാർക്കേഷൻ സ്കെച്ച് എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികളുടെ തുടർച്ചയായി നാളിതുവരെയുള്ള പുരോഗതി എന്തെന്ന് വ്യക്തമാക്കാമോ; | (ബി) സ്ഥലമേറ്റെടുക്കലിനായി പുതിയ അർത്ഥനാപത്രം 24/02/2018-ന് ബഹു. ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) സ്ഥലമേറ്റെടുക്കുന്നതിനും പാലം പണി ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ? | (സി) സ്ഥലമേറ്റെടുക്കലിനും പാലം പണി ആരംഭിക്കുന്നതിലേക്കും ഫണ്ട് ലഭ്യമാക്കേണ്ടതായിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ